പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 51

# 2017-ലെ ശ്രീപണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# 2017-ലെ ശ്രീപണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബിൽ

471/2017.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 51

# 2017-ലെ ശ്രീപണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബിൽ

## 1971-ലെ ശ്രീപണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1971-ലെ ശ്രീപണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയെട്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2017-ലെ ശ്രീപണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 6എ എന്ന പുതിയ വകുപ്പ് ചേർക്കൽ.—1971-ലെ ശ്രീപണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ആക്റ്റിലെ (1971-ലെ 20), 6-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"6എ. വർഷാശനം പുതുക്കൽ.—സർക്കാർ, ലാന്റ് റവന്യൂ കമ്മീഷണറുമായി കൂടിയാലോചിച്ചും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിലും 2017-ലെ ശ്രീപണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ, 6-ാം വകുപ്പുപ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള വർഷാശനം മൂന്നിരട്ടി തുകയായി പുതുക്കേണ്ടതും, അതിനുശേഷം ഓരോ അഞ്ചു വർഷം കഴിയുമ്പോഴും അപ്രകാരം പുതുക്കിയ വർഷാശനം ഇരുപത്തിയഞ്ച് ശതമാനം കണ്ട് വർദ്ധിപ്പിക്കേണ്ടതുമാണ്.".

471/2017.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1971-ലെ ശ്രീപണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ആക്റ്റിന്റെ 6-ാം വകുപ്പ് പ്രകാരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള വർഷാശനം ആനുകാലികമായി പുതുക്കി നിശ്ചയിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ല. സാധനങ്ങളുടെ വിലവർദ്ധനവിനനുസരിച്ച് വർഷാശനം പുതുക്കി നിശ്ചയിക്കുന്നതിന് ഉദ്ദേശിക്കുന്നു. 1971-ലെ ശ്രീപണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ആക്റ്റിന്റെ 6-ാം വകുപ്പ് പ്രകാരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന് നിശ്ചയിച്ചിട്ടുള്ള വർഷാശനം 58,500 രൂപ (അൻപത്തി എണ്ണായിരത്തി അഞ്ഞൂറ് രൂപ മാത്രം) ആണ്. ആക്റ്റിന്റെ 6-ാം വകുപ്പുപ്രകാരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന് നൽകുന്നതിനായി നിശ്ചയിക്കപ്പെട്ടിട്ടുള്ള വർഷാശനത്തിൽ മൂന്നിരട്ടി വർദ്ധനവ് വരുത്തുന്നതിനും അതിനുശേഷം ഓരോ അഞ്ചു വർഷം കഴിയുമ്പോഴും അങ്ങനെ പുതുക്കിയ വർഷാശനം ഇരുപത്തി അഞ്ച് ശതമാനം കണ്ട് വർദ്ധിപ്പിക്കുന്നതിനും സർക്കാർ തീരുമാനിച്ചു.

2. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

1971-ലെ ശ്രീപണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ആക്റ്റിന്റെ 6-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന് നൽകേണ്ടതായ വർഷാശനം 58,500 രൂപയാണ്. ആക്റ്റിലെ 6-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഈ തുക ക്ഷേത്രത്തിന് എല്ലാ വർഷവും നൽകിവരുന്നുണ്ട്. നിർദ്ദിഷ്ട ഭേദഗതി പ്രാബല്യത്തിൽ കൊണ്ടുവന്നാൽ, ആദ്യത്തെ അഞ്ചു വർഷത്തേക്ക് പ്രതിവർഷം 1,75,500 (ഒരു ലക്ഷത്തി എഴുപത്തി അയ്യായിരത്തി അഞ്ഞൂറ് രൂപാ മാത്രം) രൂപയുടെയും അതിനുശേഷം ഓരോ അഞ്ച് വർഷത്തേക്കും പുതുക്കിയ തുകയുടെ ഇരുപത്തിയഞ്ച് ശതമാനമായ 43,875 (നാൽപ്പത്തിമൂവായിരത്തി എണ്ണൂറ്റി എഴുപത്തിയഞ്ചു രൂപാ മാത്രം) രൂപയുടെയും സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതാണ്. ഓരോ അഞ്ചു വർഷത്തിനുശേഷവും പുതുക്കിയ തുകയുടെ ഇരുപത്തിയഞ്ചു ശതമാനം ചേർത്ത് വർഷാശനം പുതുക്കേണ്ടതിനാൽ കാലക്രമത്തിൽ സാമ്പത്തികബാധ്യതയിൽ വർദ്ധനവ് ഉണ്ടാകുന്നതാണ്. ഈ ഭേദഗതി നടപ്പിലാക്കുന്നതുമൂലം ആദ്യത്തെ പത്തുവർഷത്തെ സാമ്പത്തിക ബാധ്യത 19,74,375 രൂപ (പത്തൊൻപത് ലക്ഷത്തി എഴുപത്തി നാലായിരത്തി മുന്നൂറ്റി എഴുപത്തിയഞ്ച് രൂപാ മാത്രം) യായി കണക്കാക്കിയിട്ടുള്ളതും കൂടുതൽ അല്ലെങ്കിൽ അധിക ബാധ്യത 13,89,375 രൂപയും (പതിമൂന്നു ലക്ഷത്തി എൺപത്തി ഒമ്പതിനായിരത്തി മുന്നൂറ്റി എഴുപത്തി അഞ്ച് രൂപാ മാത്രം) ആയിരിക്കുന്നതുമാണ്.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 2-ാം ഖണ്ഡം പ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന 6എ വകുപ്പ് മറ്റു സംഗതികൾക്കൊപ്പം, 6-ാം വകുപ്പ് പ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള വർഷാശനം പുതുക്കുന്നതിനു വേണ്ടിയുള്ള രീതി സംബന്ധിച്ച് ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിന് അധികാരം നൽകുവാൻ ഉദ്ദേശിക്കുന്നു.

ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അവ നടപടിക്രമം സംബന്ധിച്ചവയോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയവ ആകുന്നു. മാത്രമല്ല, ചട്ടങ്ങൾ, അവ ഉണ്ടാക്കിയതിനുശേഷം, നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ, ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം ഒരു സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ഇ. ചന്ദ്രശേഖരൻ.

(ശരിത്തർജ്ജമ)

# 1971-ലെ ശ്രീപണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ആക്റ്റ് (1971-ലെ 20)-ൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** ** **

6. ക്ഷേത്രത്തിന് നഷ്ടപ്രതിഫലം.—(1) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എ) എന്ന ഖണ്ഡപ്രകാരം ക്ഷേത്രത്തിന്റെ അവകാശങ്ങളും ഉടമാവകാശങ്ങളും അവകാശബന്ധങ്ങളും ഇല്ലാതായിത്തീരുന്നതിനും ആ ഉപവകുപ്പ് (ബി)-യും (സി)-യും ഖണ്ഡങ്ങൾ പ്രകാരം ശ്രീപണ്ടാരവക തനത് ഭൂമികളിലും കെട്ടിടങ്ങളിലും ഉള്ള അതിന്റെ അവകാശങ്ങളും ഉടമാവകാശങ്ങളും അവകാശബന്ധങ്ങളും ഗവൺമെന്റിൽ നിക്ഷിപ്തമാകുന്നതിനും വേണ്ടി ഗവൺമെന്റ് നഷ്ടപ്രതിഫലമായി ക്ഷേത്രത്തിന് ശാശ്വതമായി, നിശ്ചിത ദിവസം വരുന്ന സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്ന ഏതൊരു സാമ്പത്തികവർഷവും വർഷാശനമായി അമ്പത്തി എണ്ണായിരത്തി അഞ്ഞൂറ് രൂപ കൊടുക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം കൊടുക്കേണ്ട വർഷാശനം ഒന്നായിട്ട് ഓരോ സാമ്പത്തിക വർഷത്തിലും നിർണ്ണയിക്കപ്പെടാവുന്ന തീയതിയിലും അപ്രകാരമുള്ള വിധത്തിലും നൽകേണ്ടതാകുന്നു.

** ** ** **